(ഡി) നടപ്പുവർഷം യുവജനോത്സവങ്ങളിൽ അപ്പീൽ കാര്യത്തിൽ ക്രമക്കേടുകളും വീഴ്ചകളും ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

1.	വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുവദിച്ച അപ്പീലുകൾ	- 974
2.	ബഹു. ഹൈക്കോടതി അനുവദിച്ച അപ്പീലുകൾ	- 23
3.	കീഴ്ക്കോടതികൾ അനുവദിച്ച അപ്പീലുകൾ	- 9
4.	ലോകായുക്ത അനുവദിച്ച അപ്പീലുകൾ	- 160
5.	മുനിസിഫ് കോടതി അനുവദിച്ച അപ്പീലുകൾ	- 152
6.	ബാലാവകാശ കമ്മീഷൻ അനുവദിച്ച അപ്പീലുകൾ	- 121
7.	ചൈൽഡ് വെൽഫയർ കമ്മിറ്റി വയനാട് അനുവദിച്ച അപ്പീലുകൾ	- 6
	ആകെ	- 1445

(സി) അപ്പീലുകൾ അധികമായി അനുവദിച്ച വിദ്യാഭ്യാസ ഉപഡയറക്ടർമാരോട് വിശദീകരണം ചോദിച്ചിട്ടുണ്ട്.

(ഡി) നടപ്പുവർഷത്തിൽ അധികമായി അപ്പീലുകൾ അനുവദിക്കാതിരിക്കാൻ വേണ്ടി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഓഫീസുകളിലും അപ്പീൽ കമ്മിറ്റിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറെ പ്രതിനിധീകരിച്ച് ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബഹു. ഹൈക്കോടതിയിലെ ഗവൺമെൻറ് പ്ലീഡറുമായി ആലോചിച്ച് കോടതി മുഖാന്തിരവും മറ്റ് അർദ്ധ ജുഡീഷ്യൽ സ്ഥാപനങ്ങളിൽ നിന്നുമുള്ള അപ്പീൽ കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്കൂളുകളുടെ അംഗീകാരം

18(2869) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കുറഞ്ഞത് അഞ്ച് വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകി ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന് തീരുമാനം ഉണ്ടാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാവപ്പെട്ട ഗ്രാമീണ വിദ്യാർത്ഥികൾക്ക് മികച്ച നിലവാരത്തിലുള്ള അദ്ധ്യയനം നൽകുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി പൊതു വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) സ്കൂളുകളിൽ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടും പല കാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ അംഗീകാരത്തിനുള്ള അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(ബി&സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്നതും 1-6-2012-ൽ ചുരുങ്ങിയത് അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-12-2014-ൽ അവസാനിച്ചിട്ടുണ്ട്. അതുപോലെ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് 5 വർഷം പ്രവർത്തനം പൂർത്തിയാക്കിയ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ., സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-1-2015-ൽ അവസാനിച്ചിരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂൾ

19(2870) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂളിൽ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10-ൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ ഉൾപ്പെട്ടതാണ് ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി

LIBRARY ARCHIVES Kerala Legislative Assembly